**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596** **27-06-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>• പച്ചക്കറിയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി ഒരു ജനകീയ പദ്ധതി വിവിധ വകുപ്പുകളുടെ സഹായത്തോടെ ജൂലൈ മാസം ആരംഭിക്കുവാനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം സുരക്ഷിത ഭക്ഷണം, കർഷകരുടെ വരുമാന വർദ്ധനവ്, പോഷക സമൃദ്ധമായ ഭക്ഷണത്തിന്റെ ലഭ്യത, ജീവിതശൈലി രോഗങ്ങളിൽ നിന്നുള്ള മുക്തി എന്നിവ ലക്ഷ്യമിടുന്ന ഒരു ജനകീയ പദ്ധതി "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ തുടർപരിപാടിയായാണ് ആസൂത്രണം ചെയ്യുന്നത്.<br><br>വിവിധ വകുപ്പുകളെ ഫലപ്രദമായി സംയോജിപ്പിച്ച് കൊണ്ട് സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പാക്കലും ആരോഗ്യ സംരക്ഷണവും ഇതിലൂടെ ലക്ഷ്യമാക്കുകയും പച്ചക്കറിയുടെ ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ സാങ്കേതിക വിദ്യകൾ ഉപയോഗിപ്പെടുത്തി കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുകയും ചെയ്യുന്നു.<br><br>പോഷകാഹാരത്തിന് പ്രധാന്യം നൽകി ഐ.സി.എം.ആർ. ശുപാർശ ചെയ്യുന്ന അളവിൽ പച്ചക്കറികൾ, ഭക്ഷണ ക്രമത്തിൽ ഉൾക്കൊള്ളിക്കുവാനും ആരോഗ്യവും ഭക്ഷണവും എന്ന വിഷയം എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്ന തരത്തിൽ ബോധവല്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും ബഹു ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കുന്നു.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയും പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | നിലവിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ വ്യാപനവും വികാസവുമായി ബന്ധപ്പെട്ട് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് പച്ചക്കറി കൃഷി വികസനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് **"ഞങ്ങളും കൃഷിയിലേക്ക്"** എന്ന ക്യാമ്പയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'സമഗ്ര പച്ചക്കറി വികസന പദ്ധതി' മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>**പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം<br>2. പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം<br>3. തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി<br>4. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി<br>5. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി<br>6. പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം - മഴമറയിലെ പച്ചക്കറി കൃഷി.<br><br>**വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി വികസന |

| | | | |
|---|---|---|---|
| | | | പദ്ധതി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും, ജൈവപച്ചക്കറി കൃഷി/ ഉത്തമ കൃഷി മുറ പ്രോത്സാഹനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>**സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കരയിനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്. പച്ചക്കറിയുടെ സംരക്ഷിതകൃഷിയ്ക്കായി നാച്ചുറലി വെന്റിലേറ്റഡ് ഗ്രീൻഹൗസ് സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 530 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ പച്ചക്കറി വിത്തുല്പാദനം, വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതി ഘടകങ്ങളും നടപ്പിലാക്കി വരുന്നു.<br><br>2024-25 സാമ്പത്തിക വർഷം 1262.96 ഹെക്ടറിൽ സങ്കരയിനം പച്ചക്കറി കൃഷി നടപ്പിലാക്കാന് ലക്ഷ്യമിടുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പച്ചക്കറിയുടെ ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷിയ്ക്ക് ഹെക്ടറൊന്നിന് 91,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം 625.941 ഹെക്ടറിൽ പച്ചക്കറിയുടെ കൃത്യതാകൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് ആവശ്യമുള്ള പച്ചക്കറിയുടെ എത്ര ശതമാനമാണ് മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേനയും അല്ലാതെയും സംഭരിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ സംസ്ഥാനത്തിന്റെ പ്രതിവർഷ പച്ചക്കറി ഉല്പാദനം 17.21 ലക്ഷം മെട്രിക് ടണ്ണും (86.05%) ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് 2.79 ലക്ഷം മെട്രിക് ടണ്ണും (13.95 %) മാണ്. ഹോർട്ടികോർപ്പ് 2023-24 സാമ്പത്തിക വർഷം 10625.62 ടൺ പച്ചക്കറിയാണ് ആകെ സംഭരിച്ചിട്ടുള്ളത്. അവയിൽ 2115.43 ടൺ കേരളത്തിലെ കർഷകരിൽ നിന്നും 7227.85 ടൺ മൊത്ത വ്യാപാരികളിൽ നിന്നുമാണ് സംഭരിച്ചത്. ടി |

| | | | |
|---|---|---|---|
| | | | കാലയളവിൽ തമിഴ് നാട്ടിലെ എഫ്.പി.ഒ. കളിൽ നിന്ന് 1282.34 ടൺ പച്ചക്കറി സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ